(ഇ) മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാന സർക്കാരി നുണ്ടാകുന്ന വരുമാന കുറവിന് ആദ്യവർഷം 100%-വും രണ്ടാം വർഷം 75%-വും മൂന്നാം വർഷം 50%-വും കേന്ദ്ര ഗവൺമെന്റ് നൽകുമെന്നുള്ള ധാരണയാണ് ഉണ്ടാക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന് തന്നാണ്ടിൽ ഏകദേശം 840 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് വിലയിരുത്തിയിരുന്നത്.

വാറ്റിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയ ഉൽപ്പന്നങ്ങൾ

45 [982] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയ ഉൽപ്പന്നങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വാറ്റ് നടപ്പിലാക്കിയതിനുശേഷം സർക്കാരിന് ലഭിക്കുന്ന നികുതി വരുമാനം എത്രകണ്ട് വർദ്ധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂല്യവർദ്ധിത നികുതി നിയമം ഒന്നാം പട്ടികയിൽ വിവരിച്ചിട്ടുള്ള എല്ലാ സാധനങ്ങളും നികുതി വിമുക്തമാണ്. ഇതിനുപുറമെ, നാലാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്ക് വില്പന നികുതി നിയമം അനുസരിച്ചാണ് നികുതി ചുമത്തുന്നത്. ഇവയ്ക്ക് മൂല്യവർദ്ധിത നികുതി നിയമം ബാധകമല്ല.

(ബി) മൂല്യവർദ്ധിത നികുതി നടപ്പിലാക്കിയശേഷം 30-6-2005 വരെയുള്ള കണക്കനുസരിച്ച് മുൻവർഷത്തെക്കാൾ 73 കോടി രൂപ കൂടുതൽ ലഭിച്ചിട്ടുണ്ട്.

സബ് ട്രഷറികളിൽ വെയിറ്റിംഗ് ഹാൾ നിർമ്മിക്കാൻ നടപടി

46 [983] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സബ് ട്രഷറികളിലും എല്ലാ മാസവും ആദ്യത്തെ പത്ത് ദിവസം വളരെ തിരക്കാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സബ് ട്രഷറികളിലും ഓരോ ആവശ്യത്തിനായി പതിനായിരക്കണക്കിന് പെൻഷൻകാർ അടക്കം കാത്തിരിക്കുന്നത് പരിഗണിച്ച് ഓരോ വെയിറ്റിംഗ് ഹാൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ മിക്കവാറും എല്ലാ ട്രഷറികളിലും ഇടപാടുകാർക്ക് വിശ്രമത്തിനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും പരിമിതമായ തോതിൽ സൗകര്യം ഇപ്പോൾത്തന്നെ ഉണ്ട്. സ്ഥലപരിമിതിയും സാമ്പത്തിക ബാധ്യതയും കണക്കിലെടുത്ത് ട്രഷറികളിൽ വെയിറ്റിംഗ് ഹാൾ നിർമ്മിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

ട്രഷറി സ്ഥാപിക്കാൻ നടപടി

47 [984] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതിയ ട്രഷറികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ തൃക്കരിപ്പൂരിൽ ട്രഷറി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) & (ബി) പരിശോധിച്ചുവരുന്നു.

ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ട്

48 [985] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ ഫണ്ടിനായി സംസ്ഥാന സർക്കാർ സമാഹരിച്ച തുക സംസ്ഥാനത്തെ ഏത് ട്രഷറി പബ്ലിക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും ഇപ്പോഴത്തെ നീക്കിയിരിപ്പ് തുകയും അക്കൗണ്ട് നമ്പറും വെളിപ്പെടുത്താമോ;

(ബി) ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചതുകൊണ്ട് പലിശയിനത്തിൽ സർക്കാരിന് നഷ്ടമായ തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സംഖ്യ എത്രയാണ്;

(സി) ഗുജറാത്ത് ഗവൺമെന്റ് പോളിടെക്നിക്കിന്റെ പുനർനിർമ്മാണത്തിനായി ഈ ഫണ്ടിൽനിന്നും ഇതുവരെ എത്ര കോടി ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly